95 (560) റോഡിന് പ്രത്യേകാനുമതി നൽകുന്നത് സംബന്ധിച്ച്

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാഹിപാലം എം.എം. ഹൈസ്കൂൾ റോഡിന് പ്രത്യേക അനുമതി നൽകുന്നതിലേക്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഭരണാനുമതി നൽകിയത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മാഹിപാലം എം.എം. ഹൈസ്കൂൾ റോഡ് പണിക്ക് പ്രത്യേകാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 19/2/96-ലെ ജി.ഒ. (ആർ.ടി) 342/96/പൊമവ പ്രകാരം 18 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

96 (561) റോഡുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപണികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ ഈ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പണിയാണ് ഏറ്റെടുത്തിട്ടുള്ളത്;

(സി) ഇതിൽ പൂർത്തിയാക്കിയ പണി ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) കുളനട-ഉള്ളന്നൂർ കാരിത്തോട്ട എം.എൽ.എ. റോഡിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇതിനുവേണ്ടി ആവശ്യമായ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ;

(എഫ്) പല റോഡുകളുടേയും മോശമായ അവസ്ഥ കണക്കിലെടുത്ത് ഇവയുടെ അറ്റകുറ്റപ്പണികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുമോ?

ഉത്തരം

(എ-സി) മരാമത്ത് പണികളുടെ വിശദവിവരങ്ങൾ നിയോജകമണ്ഡലടിസ്ഥാനത്തിൽ ശേഖരിക്കാറില്ല.

(ഡി) കുളനട-ഉള്ളന്നൂർ-കാരിക്കോട്ട എം.എൽ.എ. റോഡിന്റെ രണ്ടാമത്തെ മെറ്റലിംഗിന്റെയും ടാറിംഗിന്റെയും ജോലികൾ നടന്നുകൊണ്ടിരിക്കുന്നു.

(ഇ) ഈ പണിയുടെ എസ്റ്റിമേറ്റ് തുക 15 ലക്ഷം രൂപയാണ്.

(എഫ്) മോശമായ റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly